(എ) കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ പ്രവർത്തിക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ മേൽപാലത്തിന്റെ പണി ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

തേക്കുംകുറ്റി-മരഞ്ചാട്ടി റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

56 [5035] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തേക്കുംകുറ്റി-മരഞ്ചാട്ടി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) ഈ റോഡ് ഏറ്റെടുത്ത് എം.ഡി.ആർ.-ൽപ്പെടുത്തി എന്നത്തേക്ക് ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ, ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് എം.ഡി.ആർ. ആയി അപ്ഗ്രേഡ് ചെയ്യണമെന്ന പഞ്ചായത്ത് തീരുമാനവും നിർദ്ദേശവും പരിഗണിച്ചുവരുന്നു.

കുന്ദമംഗലം എം.എൽ.എ. റോഡിന്റെ ശോച്യാവസ്ഥ

57 [5036] ശ്രീ. യു.സി.രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ എം.എൽ.എ. റോഡ് താറുമാറായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് റിപ്പയർ ചെയ്യാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) റീ-ടാറിംഗ് പ്രവൃത്തിയും റോഡ് വീതി കൂട്ടലും എന്ന് നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി നോൺപ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മഴക്കാലം കഴിഞ്ഞാലുടൻ പണി തുടങ്ങുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കോതി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

58 [5037] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോതി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ സൗകര്യം നൽകാൻ പരിപാടിയുണ്ടോ?

ഉത്തരം

(എ, ബി) അപ്രോച്ച് റോഡിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) 278 കുടുംബങ്ങൾ.

(ഡി) കോഴിക്കോട് കോർപ്പറേഷൻ ഇവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മൂക്കത്ത്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

59 [5038] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂക്കത്ത്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം തടസ്സങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നിർമ്മാണത്തിനായി എത്ര സ്ഥലം അക്വയർ ചെയ്തു; അക്വിസിഷൻ ഇനത്തിൽ ചെലവ് ചെയ്ത തുകയും കുടിശ്ശിക ഉണ്ടെങ്കിൽ അത് എത്രയാണെന്നും പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly